# INDIAN SCHOOL AL WADI AL KABIR

## Pre-Mid Term Examination 2023-24

**SUB: Malayalam (012)**

Date: 25/05/2023 Time Allowed :1 hour

Class: IX Maximum Marks: 30

*General Instructions:*

1. Please check that this question paper contains 12 questions and 4 printed pages.

**1. താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം എടുത്തെഴുതുക. ( ഓരോന്നിനും 1 മാർക്ക് വീതം ) (6 X 1=6)**

ഏഴിലംകാട്ടിൽ പണ്ടൊരു കാക്ക
ഏകാദശി നോറ്റു.
ഏഴരവെളുപ്പിനുണർന്നു; പിന്നെ
ഏഴെട്ടുനാഴിക പറന്നു
പോകുംവഴിക്കു തുടിച്ചു കുളിക്കാൻ
ഭാരതപ്പുഴയിലിറങ്ങി
കുളിച്ചു നീന്തിക്കയറുമ്പോൾ
ഒലിച്ചുപോയി പുഴയിൽ
കാലിട്ടു തുഴഞ്ഞപ്പോൾ കാലിനു കിട്ടീ
നാലഞ്ചു പൊന്നുംകിങ്ങിണി.
കൈയിട്ടു തുഴഞ്ഞപ്പോൾ കൈയിൽ കിട്ടീ
കല്ലുപതിച്ചൊരു കങ്കണം
ചിറകിട്ടു തുഴഞ്ഞപ്പോൾ ചിറകിലുടക്കീ
ചിത്രവർണ്ണപ്പൂമാല
തലയിട്ടു തുഴഞ്ഞപ്പോൾ തലയിൽ കിട്ടീ

തങ്കക്കസവുതലപ്പാവ്!
കുളിച്ചുതോർത്തിക്കയറീ കാക്ക
ഗുരുവായൂർക്കു പറന്നു
ഗുരുവായൂരെ അരയാൽക്കൊമ്പിൽ
തിരുനാമം ചൊല്ലിയിരുന്നൂ!

- വയലാർ രാമവർമ്മ

a) പുഴയിൽ കാലിട്ടു തുഴഞ്ഞപ്പോൾ കാക്കയ്ക്ക് എന്താണ് കിട്ടിയത് ?

( വെള്ളിനാണയം, പൊന്നുംകിങ്ങിണി, പൊൻവിളക്ക്, വെള്ളിത്താലം )

b) കാക്കയ്ക്ക് ചിത്രവർണ്ണപ്പൂമാല ലഭിച്ചതെപ്പോൾ ?

( തലയിട്ടു തുഴഞ്ഞപ്പോൾ, കുളിച്ചു തോർത്തിയപ്പോൾ, കൈയിട്ടു തുഴഞ്ഞപ്പോൾ, ചിറകിട്ടു കുടഞ്ഞപ്പോൾ )

c) ഏഴിലംകാട്ടിലെ കാക്ക എന്ത് വ്രതമാണ് നോറ്റത് ?

( ദ്വാദശിവ്രതം, ഷഷ്ഠിവ്രതം, ഏകാദശിവ്രതം, അമാവാസിവ്രതം )

d) ‘ വള ’ എന്ന പദത്തിന് പകരം കവിതയിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് ഏത് ?

( കങ്കണം, പനനൊങ്ക്, തലപ്പാവ്, കിങ്ങിണി )

e) കേരളത്തിലെ ഏതു പുഴയെയാണ് കവിതയിൽ പരാമർശിക്കുന്നത് ?

( പെരിയാർ, കബനി, ഭാരതപ്പുഴ, ചാലക്കുടിപ്പുഴ )

f) ഗുരുവായൂരിലെ അരയാൽ കൊമ്പിലിരുന്ന് കാക്ക എന്താണ് ചെയ്തത് ?

( തലപ്പാവ് ചുറ്റിയിരുന്നു, തിരുനാമം ചൊല്ലിയിരുന്നു, വെറുതേ നോക്കിയിരുന്നു, കൂട്ടുകാരെ പ്രതീക്ഷിച്ചിരുന്നു )

**2) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **(6 x ½= 3)**

a) ‘വിശ്വം ദീപമയം’ എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

( കർണഭൂഷണം, ചിത്രശാല, കൽപ്പശാഖി, തരംഗിണി )

b) മധ്യാഹ്നവും അർദ്ധരാത്രി പോലെ അനുഭവപ്പെടുന്നത് ആർക്കാണ് ?

( മനസ്സിൽ നൈരാശ്യമുള്ളവന്, ശുഭം പ്രതീക്ഷിക്കുന്നവന്, ആത്മവിശ്വാസം ഉള്ളവന്, സ്വച്ഛവിവേകമുള്ളവന് )

c) മനുഷ്യൻ മാഴ്കുന്നത് എന്തുകൊണ്ടാണ് എന്നാണ് കവി പറയുന്നത് ?

( ആളുകൾ സ്വാർത്ഥരായതു കൊണ്ട്, ലോകം ദുഃഖം നിറഞ്ഞതായതിനാൽ, സമയമില്ലാത്തതുകൊണ്ട്, പരസ്പരവിശ്വാസം ഇല്ലാത്തതിനാൽ )

d) അന്തിയായാൽ മിന്നാമിനുങ്ങ് ത്വരയാർന്നിരിക്കുന്നത് എന്തിന് ?

( വിളക്ക് കത്തിക്കുന്നതിന്, കണ്ണീരൊലിപ്പിക്കുന്നതിന്, നേരത്തേ തന്നെ ഉണരുന്നതിന്, ജീവിതത്തിൽ വിജയിക്കുന്നതിന് )

e) ഉള്ളൂർ രചിച്ച മഹാകാവ്യം ഏത് ?

( ചിത്രയോഗം, നളിനി, ഉമാകേരളം, ദുരവസ്ഥ )

f ) സൂര്യൻ മറഞ്ഞു കഴിഞ്ഞാൽ ഉഡുപംക്തിയെക്കൊണ്ട് പ്രപഞ്ചത്തിലെ ഇരുട്ട് തൽക്കാലം അകറ്റുന്നത് ആരാണ് ?

( ഈശ്വരൻ, മനുഷ്യൻ, മിന്നാമിനുങ്ങ്, ഇനൻ )

**3) അർത്ഥം എഴുതുക** **(2 x ½= 1)**

a) വിശ്രാന്തി b) പ്രത്യഹം

**4) പര്യായപദങ്ങൾ എഴുതുക** **(2 x 1= 2)**

a) മനുഷ്യൻ b) ശരീരം

**5) വിപരീതപദം എടുത്തെഴുതുക** **(2 x ½= 1)**

a) ശുഭം b) പ്രത്യാശ

**6) നാനാർത്ഥപദങ്ങൾ എഴുതുക** **(2 x 1= 2)**

a) മതി b) പൊരുൾ

**7) ചേർത്തെഴുതുക** **(2 x ½= 1)**

a) മഹി + എന്ന് b) അത് + ആയിരിക്കാം

**8) പിരിച്ചെഴുതുക** **(2 x ½= 1)**

a) കാര്യമുണ്ടോ b) നിശയും

**9) അർത്ഥവ്യത്യാസം എഴുതുക** **(2 x 1= 2)**

a) വനം – വാനം b) കനിവ് - കിനാവ്

**10) വിഗ്രഹിച്ചെഴുതുക** **(2 x ½= 1)**

a) തീക്കോല് b) വിവേകദീപം

**11) ഒറ്റപ്പദം എഴുതുക.** **(2 x ½= 1)**

a) ഉഡുക്കളുടെ പംക്തി b) സൂര്യാംശുവിനാൽ ദീപ്തം

**12) താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **(3x 3= 9)**

a) മിന്നാമിനുങ്ങിന്റെ പ്രവൃത്തി ചൂണ്ടിക്കാട്ടി ഉള്ളൂർ നൽകുന്ന സന്ദേശമെന്ത് ?

b) “തൻസൃഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ
സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ ? ” - കവിതയുടെ ആശയവുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക.

c) “കൈവിട്ടുപൊയ്പ്പോയ് പകലെന്നുവെച്ചു
കണ്ണീരൊലിപ്പിച്ചൊരു കാര്യമുണ്ടോ? ” – ആശയം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

d) ‘വിശ്വം ദീപമയം’ എന്ന ശീർഷകത്തിന്റെ ഔചിത്യഭംഗി പരിശോധിക്കുക.

****